LIBRARY ARCHIVES Kerala Legislative Assembly

നോളജ് ഇക്കോണമി മിഷൻ

22 (1383) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോളജ് ഇക്കോണമി മിഷനുവേണ്ടി ഇതുവരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ (2021-22) ഖണ്ഡിക (80) പ്രകാരം നോളജ് ഇക്കോണമി ഫണ്ട് ഇനത്തിൽ 300 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രവർത്തനത്തിന് വേണ്ടി എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

2,58,42,562 രൂപ (രണ്ട് കോടി അമ്പത്തിയെട്ടു ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അഞ്ഞൂറ്റിയറുപത്തി രണ്ടു രൂപ മാത്രം) നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അഭ്യസ്ത വിദ്യർക്ക് രജിസ്ട്രേഷൻ നടത്താനായി DWMS (Digital Workforce Management System) എന്ന പോർട്ടൽ രൂപീകരിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആന്റ് ടെക്നോളജി (Digital University)-ക്ക് 1,75,23,000 (ഒരുകോടി എഴുപത്തിയഞ്ചുലക്ഷത്തി ഇരുപത്തിമൂവായിരം രൂപ മാത്രം) രൂപയും ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് പത്ര പരസ്യങ്ങൾ നൽകിയ വകയിൽ M/S Concept Communication എന്ന സ്ഥാപനത്തിന് 82,94,562 രൂപയും(എൺപത്തിരണ്ടു ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി അഞ്ഞൂറ്റിയറുപത്തി രണ്ടു രൂപ മാത്രം) നോളജ് മിഷനുമായി ബന്ധപ്പെട്ട് ക്യാബിനറ്റ് മുമ്പാകെ സമർപ്പിക്കുന്നതിന് സ്റ്റാറ്റജിക് പേപ്പർ തയ്യാറാക്കുന്നതിന് ശ്രീ. ബിജു പരമേശ്വരന് (റീടെയ്നർ) 25,000 രൂപയും (ഇരുപത്തിയയ്യായിരം രൂപ മാത്രം) നൽകിയിട്ടുണ്ട്.

(സി) ഇതിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രവാസികൾ എത്ര പേർ; വിശദമാക്കുമോ?

ആകെ 34,719 പേർ (23-7-2021 വരെ) DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 44 പ്രവാസികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത മിഷനിൽ ഇതുവരെ രജിസ്റ്റർ ചെയ്ത എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു; ജില്ല തിരിച്ച് കണക്ക് നൽകാമോ?

ആകെ 168 പേർക്ക് (23-7-2021 വരെ) തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.